# ഏലിയാക്കാലം

## വചന വിചിന്തനം

### മൂന്നാം ഞായർ

### മത്താ 13,24-30

**"വേലക്കാർ ചോദിച്ചു: ഞങ്ങൾപോയി കളകൾ പറിച്ചുകൂട്ടട്ടേ?**
**അവൻ പറഞ്ഞു: വേണ്ടാ!**
**കളയും വിളയും ഒരുമിച്ച് വളരാനനുവദിച്ച യജമാനൻ**
**കളയ്ക്ക് വിളയ്ക്ക് ലഭിച്ച അതേ കാലഘട്ടം തന്നെ**
**ഫലം ചൂടൻ സമ്മാനിക്കുന്നു.**
**ഈ കലഘട്ടത്തന് കർത്താവ് നൽകുന്ന പേരാണ്,**
**'അനുതപിക്കാനുള്ള മാനസാന്തരത്തിന്റെ കാലഘട്ടം'"**

"കളയും വിളയും തിരിച്ചറിയാൻ ബുദ്ധിമുട്ടാണ്." ഇത് യജമാനന്റെ വാക്കുകളാണ്. ഇന്നും, ഒറിജിനലിനെ വെല്ലുന്ന ഡ്യൂപ്ലിക്കേറ്റ് നാട്ടിലും വീട്ടിലുമുണ്ട്!

ടോണി ക്ലാസിൽ നിന്ന് തിരിച്ചെത്തിയത് തീർത്തും നിരാശനും അതിനേക്കാൾ ഏറെ ദേഷ്യത്തോട് കൂടിയുമാണ്. അത് അവന്റെ വാക്കിലും പ്രവർത്തിയിലും നടത്തിയിലും നിറഞ്ഞ് നിന്നിരുന്നു. വീട്ടിലേയ്ക്ക് കയറി വന്ന ടോണി ബാഗെടുത്ത് കട്ടിലിലേയ്ക്ക് ഒറ്റ ഏറായിരുന്നു. എന്നിട്ട്, കതകടച്ച് കുറെ സമയം മുറിയിലിരുന്നു. അതിന് ശേഷം ചായകുടിക്കാൻ വന്ന ടോണിയോട് അമ്മ സ്നേഹത്തോടെ ചേർത്ത് നിർത്തിയിട്ട് ചോദിച്ചു

"ഇന്ന് വലിയ ദേഷ്യത്തിലാണല്ലോ! എന്താ കാര്യം? ആരെങ്കിലുമായി തല്ലിട്ടോ? അതോ ടീച്ചർ വഴക്ക് പറഞ്ഞോ?"

ഈ ഒരു ചോദ്യത്തിന് വേണ്ടി കാത്തുനിന്നതു പോലെയായിരുന്നു ടോണിയുടെ മറുപടി,

"ഫിസിക്സ് ടീച്ചർ ശരിയല്ല!"

അമ്മ അമ്പരന്നു പോയി. കാരണം, ഇത്രയും നാൾ ക്ലാസിൽ എന്നല്ല, സ്കൂളിൽ തന്നെ ശരിയായ ഒരു ടീച്ചറെ ഉണ്ടായിരുന്നുള്ളു ടോണിക്ക്. ആ ടീച്ചറാണ് ഫിസിക്സ് പഠിപ്പിക്കുന്ന ബീന ടീച്ചർ. എന്നിട്ടും, ഇപ്പോൾ പറയുന്നു, 'ഫിസിക്സ് പഠിപ്പിക്കുന്ന ബീനടീച്ചർ ശരിയല്ല എന്ന്. അമ്മ അമ്പരപ്പോടും കൗതുകത്തോടും കൂടെ ചോദിച്ചു,

"അതെന്താ ബീനടീച്ചർ പെട്ടന്ന് ശരിയല്ലാതായത്? ഇന്നലെ വരെ ബീനടീച്ചർ മാത്രമായിരുന്നല്ലോ സ്കൂളിൽ നിനക്ക് ശരിയായിണ്ടായിരുന്ന ഏകടീച്ചർ! നീ ടീച്ചറുമായി വഴക്കിട്ടോ? അതോ, ടീച്ചറിന്റെ കൈയിൽ നിന്ന് തല്ല് വാങ്ങിയോ?"

ടോണികുട്ടൻ വികാരപരവശനായ് അമ്മയോട് മറുപടി പറയുകയാണ്,

"ഞാൻ ടീച്ചറുമായി വഴക്കിടുകയോ, ടീച്ചറിന്റെ കൈയിൽ നിന്ന് തല്ല് വാങ്ങുകയോ ചെയ്തില്ല. പക്ഷെ, ടീച്ചർ ശരിയല്ല. കാരണം, അമ്മയ്ക്കറിയാമല്ലോ, എനിക്ക് ഏറ്റവും ഇഷ്ടപെട്ട വിഷയം ഫിസിക്സ് ആണെന്ന്. ഞാനാണ് ക്ലാസിലെ ഫസ്റ്റ് എന്നും. എന്നിട്ടും, പരീക്ഷ കഴിഞ്ഞ് റിസൾട്ട് വന്നപ്പോൾ എന്റെ അപ്പുറമിരിക്കുന്ന രാജേഷ്, എന്റെ പരീക്ഷാ പേപ്പറിൽ നോക്കി എല്ലാം എഴുതി വച്ച അവന് എന്റെയൊപ്പം മാർക്ക്. ഒന്നും പഠിക്കാത്തവനാണ് അവൻ. ഇത് ടീച്ചർക്ക് നന്നായി അറിയാവുന്നതാണ്. എന്നിട്ടും, കഷ്ടപെട്ട് പഠിച്ച് ഒന്നാം സ്ഥാനം ലഭിച്ച എന്നെ അവനോടൊപ്പമിരുത്തി ടീച്ചർ ഞങ്ങൾക്ക് രണ്ട് പേർക്കും ഒരേ സമ്മാനവും അഭിനന്ദനവും തന്നിരിക്കുന്നു."

"ടീച്ചർ ശരിയല്ല! ഇനി ഞാൻ ഫിസിക്സ് പഠിക്കത്തില്ല!"

കളയും വിളയും ഒരുമിച്ച് വളരാനനുവദിച്ച യജമാനന്റെ വിവേചന ശക്തിയെ ധ്യാനിക്കുമ്പോൾ മനസിലൂടെ കടന്ന് പോകുന്ന കുട്ടിത്തം നിറഞ്ഞ സംഭവം മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന കഥയാണ്. കർത്താവിന്റെ നീതിബോധം ഇപ്രകാരമാണ്, "കളയും വിളയും ഒരുമിച്ച് വളരാനനുവദിക്കുന്ന നീതിബോധം!"

കളയുണ്ടായത് എങ്ങനെയാണ് എന്ന് വേലക്കാർ ചോദിക്കുമ്പോൾ യജമാന്റെ ഉത്തരം ശ്രദ്ധേയമാണ്, "ശത്രുവാണ് ഇത് ചെയ്തത്!" (മത്താ 13,28). യജമാനൻ നിലം തികഞ്ഞ ഒരു കർഷകനാണ്. കാരണം, കളയുടെ സാന്നിദ്ധ്യം അദ്യമെ തന്നെ യജമാനൻ തിരിച്ചറിയുന്നുണ്ട്. കളയുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നുണ്ട് എന്നുള്ളത് മാത്രമല്ല, മറിച്ച്, അവ ഉണ്ടാകാനുള്ള കാരണവും യജമാനൻ തിരിച്ചറിയുന്നുണ്ട് എന്നുള്ളതാണ് വാസ്തവം. എന്നിട്ടും, അവയെ നശിപ്പിക്കാൻ യജമാനൻ അനുവദിക്കുന്നില്ല,

"വേലക്കാർ ചെന്ന് വീട്ടുടമസ്ഥനോടു ചോദിച്ചു: യജമാനനേ, നീ വയലിൽ, നല്ല വിത്തല്ലേ വിതച്ചത്? പിന്നെ കളകളുണ്ടായത് എവിടെ നിന്ന്? അവൻ പറഞ്ഞു: ശത്രുവാണ് ഇതുചെയ്തത്. വേലക്കാർ ചോദിച്ചു: ഞങ്ങൾപോയി കളകൾ പറിച്ചുകൂട്ടട്ടേ? അവൻ പറഞ്ഞു: വേണ്ടാ, കളകൾ പറിച്ചെടുക്കുമ്പോൾ അവയോടൊപ്പം ഗോതമ്പുചെടികളും നിങ്ങൾ പിഴുതുകളഞ്ഞെന്നുവരും. കൊയ്ത്തുവരെ അവരും ഒരുമിച്ചു വളരട്ടെ. കൊയ്ത്തുകാലത്തു ഞാൻ കൊയ്ത്തുകാരോടു പറയും: ആദ്യമേ കളകൾ ശേഖരിച്ച്, തീയിൽ ചുട്ടുകളയുവാൻ അവ കെട്ടുകളാക്കിവയ്ക്കുവിൻ; ഗോതമ്പ് എൻെറ ധാന്യപ്പുരയിൽ സംഭരിക്കുവിൻ" (മത്താ 13,27 - 30).

വിശ്വാസികളെ വഴിതെറ്റിക്കാൻ വരുന്നവൻ അവിശ്വാസിയായിട്ടല്ല വരുന്നത്. മറിച്ച്, വിശ്വാസിയിൽ നിലം തികഞ്ഞ വിശ്വാസിയായിട്ടാണ്!

നല്ല വിത്തിന്റെ കൂടെ വളരുന്ന കളയോട് അസമാന്യ സഹിഷ്ണുതയും ക്ഷമയുമാണ് യജമാനൻ കാണിക്കുന്നത്. ഇതിലൂടെ ക്രിസ്തു ഒരു വലിയ പാഠം പഠിപ്പിക്കുന്നുണ്ട്, "ഒരുപക്ഷെ, നീ നിൽക്കുന്ന ഇടം കളകളുടെ ഇടയിലായിരിക്കാം. ചുറ്റിലും തിൻമകളുടെ കളകൾ വളർന്ന് ഗ്രസിക്കാൻ കാത്തു നിൽക്കുന്നുണ്ടായിരിക്കാം. പക്ഷെ, അവിടെയെല്ലാം അസമാന്യ സഹിഷ്ണുതയോടും ക്ഷമയോടും കൂടി വിളകളേപ്പോലെ നല്ല ഫലങ്ങൾ സമ്മാനിക്കാൻ സാധിക്കണം!" നിന്റെ ചുറ്റിലും വളർന്ന് നിൽക്കുന്ന കളകളുടെ കാരണം നിനക്കറിയാമായിരിക്കാം. ഒരുപക്ഷെ, നിന്റെ ശത്രുവായിരിക്കാം നിന്നെ തകർക്കാനും തച്ചുടയ്ക്കാനുമായി നിനക്ക് ചുറ്റും തിന്മയുടെ വേലി പോലെ കളകൾ നട്ടു പിടിപ്പിച്ചത്. അവിടെയൊക്കെ വിജയിക്കാനാവശ്യം യജമാനന്റെ സഹിഷ്ണുതയും ക്ഷമയുമാണ്.



വിളകൾക്കിടയിൽ കളകൾ വന്നത് എപ്രകാരമാണെന്ന് യജമാനനായ കൃഷിക്കാരൻ തിരിച്ചറിയുന്നുണ്ട്;

"ആളുകൾ ഉറക്കമായപ്പോൾ അവൻെറ ശത്രുവന്ന്, ഗോതമ്പിനിടയിൽ കള വിതച്ചിട്ടു കടന്നുകളഞ്ഞു. ചെടികൾ വളർന്ന് കതിരായപ്പോൾ കളകളും പ്രത്യക്ഷപ്പെട്ടു" (മത്താ 13,25 - 26). കളകൾ വിതയ്ക്കുന്ന സമയം ഉറക്കത്തിന്റെ സമയത്താണ്. 'ഉറക്കം' എന്നുള്ളത് ഒരു ധ്യാനത്തിന്റെ വിഷയം തന്നെയാണ്. ഉറക്കം ഉണർവില്ലായ്മയാണ്. അത് ആലസ്യത്തിന്റെയും അശ്രദ്ധയുടെയും അലംഭാവത്തിന്റെയും പര്യായമാണ്. ജീവിതത്തെ ആലസ്യത്തിലൂടെയും അശ്രദ്ധയിലൂടെയും അലംഭാവത്തിലൂടെയും കൊണ്ടുപോകുന്നുണ്ടെങ്കിൽ തിരിച്ചറിയുക തിന്മയാകുന്ന കളകൾ ചുറ്റിലും വിതയ്ക്കാനായ് ശത്രുക്കൾ കാത്തിരിക്കുന്നുണ്ടെന്ന്. അതുകൊണ്ട് തന്നെയാണ്, ക്രിസ്തു ഉപയോഗിച്ചിട്ടുള്ള വാക്കുകളിൽ വച്ച് "ജാഗ്രത" എന്നുള്ളത് മുമ്പന്തിയിൽ നിൽക്കുന്നത്. "ഉറക്കത്തിലും ഉണർവ് കാത്തു സൂക്ഷിക്കുന്നതാണ് ജാഗ്രത." ഈ നിതാന്ത ജാഗ്രത ജീവിതത്തിലും ഹൃദയത്തിലും കാത്തുസൂക്ഷിക്കുന്നവർ കളകളുടെ സാന്നിദ്ധ്യം തിരിച്ചറിയുകയും അവയെ ചെറുക്കുകയും ചെയ്യും. ഇപ്രകാരം സംഭവിക്കുന്നില്ലെങ്കിൽ, യജമാനനായ കൃഷിക്കാരന്റെ ഇടപെടൽ ഉണ്ടായിരുന്നില്ലെങ്കിൽ

കർത്താവിന്റേത്
Long Term Project
ആണ്.
ക്ഷമയോട് കൂടി
കാത്തിരിക്കണം.
തിന്മയെ അതിജീവിക്കുന്ന
വിശുദ്ധിക്കായും
ഈ ക്ഷമയും കാത്തിരിപ്പും
അനിവാര്യമാണ്!

സംഭവിക്കാമായിരുന്ന വിപത്ത്, "കളകൾക്കൊപ്പം വിളകളും പറിച്ച് കളയാമായിരുന്ന വിപത്ത്" നമ്മുടെ ജീവിതത്തിലും അരങ്ങേറാം.

വിളകൾ സമ്മാനിക്കേണ്ട ചെടികൾ വളർന്ന് കഴിഞ്ഞപ്പോഴാണ് കളകളുടെ സാന്നിദ്ധ്യം യജമാനനായ കൃഷിക്കാരനും തൊഴിലാളികളും തിരിച്ചറിയുന്നത്. "ചെടികൾ വളർന്ന് കതിരായപ്പോൾ കളകളും പ്രത്യക്ഷപ്പെട്ടു" (മത്താ 13,26). തിന്മയുടെ സ്വഭാവം ഇപ്രകാരമാണ്. അവ ഒളിയമ്പുകളാണ്. ആരംഭത്തിൽ തിരിച്ചറിയാൻ സാധിക്കില്ല. രാത്രിയുടെ ഇരുണ്ട യാമങ്ങളിൽ വന്നാണ് ശത്രു കളകൾ അല്ലെങ്കിൽ തിന്മയുടെ വിത്തുകൾ പാകി കടന്നു കളയുന്നത്. "ആളുകൾ ഉറക്കമായപ്പോൾ അവന്റെ ശത്രുവന്ന്, ഗോതമ്പിനിടയിൽ കള വിതച്ചിട്ടു കടന്നുകളഞ്ഞു" (മത്താ 13,25). ചുരുക്കത്തിൽ തിന്മ സമ്മാനിക്കുന്നവനെയും സമ്മാനിച്ച തിന്മകൾ അഴത്തിലേയ്ക്ക് വേരോട്ടം നടത്തുന്നതും തിരിച്ചറിയാൻ വിഷമമാണ്. അതിന് ആവശ്യം, "യജമാനനായ കൃഷിക്കാരന്റെ കുശാഗ്രബുദ്ധിയും പ്രായോഗിക ജ്ഞാനവുമാണ്!"

***"മകനേ, എന്റെ ഉപദേശം വിസ്മരിക്കരുത്;***
***നിന്റെ ഹൃദയം എന്റെ കൽപനകൾ പാലിക്കട്ടെ.***
***അവനിനക്കു ദീർഘായുസ്സും***
***സമൃദ്ധമായി ഐശ്വര്യവും നൽകും."***

സുഭാഷിതങ്ങൾ 3,1

ഫാ. ജോബി മേനോത്ത് : +91 944 7777 931